പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ

12 (*72) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ തിരുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) പതിനൊന്നാം ധനകാര്യ കമ്മിഷൻ റിപ്പോർട്ടിൻമേൽ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തതെന്നാണ്;

(ഡി) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ എന്തെല്ലാം ശുപാർശകളാണ് തിരുത്തിയെഴുതണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) ഇപ്രകാരം തിരുത്തിയെഴുതുന്നതിന് ഉന്നയിച്ച കാരണങ്ങളെന്തെല്ലാം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ):

(എ) ഉണ്ട്.

(ബി) 21.8.2000-ൽ

(സി) 2000 ജൂലൈ മാസത്തിൽ

(ഡി) നികുതി വിഭജനത്തിന് സംസ്ഥാനം നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കമ്മിഷൻ രൂപം കൊടുത്ത പുതിയ മാനദണ്ഡങ്ങൾക്കനുസരണമായി നികുതി വിഭജനം നടത്തിയപ്പോൾ സംസ്ഥാനത്തിന് ഭീമമായ നഷ്ടം ഉണ്ടായി. മുൻ ധനകാര്യ കമ്മിഷനുകൾ അനുവർത്തിച്ചു പോന്ന മാനദണ്ഡങ്ങൾ പ്രകാരമായിരുന്നെങ്കിൽ പോലും സംസ്ഥാനത്തിന് ഇതിലുമധികം വിഹിതം ലഭിക്കുമായിരുന്നു. പത്താം ധനകാര്യ കമ്മിഷന്റെ മാനദണ്ഡങ്ങൾക്കനുസരണമായി വിഭജനം നടത്തിയിരുന്നെങ്കിൽ സംസ്ഥാനത്തിന് 3664 കോടി രൂപ അധികമായി ലഭിക്കുമായിരുന്നു. വരുമാനത്തിലുണ്ടായ ഈ വിടവ് നികത്തണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത്.

(ഇ) ഉപചോദ്യം 'ഡി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

നാണ്യവിളകളുടെ വിലയിടിവ് തടയാൻ നടപടി

13 (*73) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാണ്യവിളകളുടെ വിലയിടിവ് തടയാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം നാണ്യവിളകൾക്കാണ് വിലയിടിവ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വിലയിടിവിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly